2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലെ കുറവുകളും ന്യൂനതകളും കണ്ടെത്തി ജില്ലാതലത്തിൽ പരിഹരിക്കുന്നതിന് ജില്ലാ പദ്ധതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു.

(ഡി) ഔദ്യോഗികമായി അഭിപ്രായം അറിയിച്ചിട്ടില്ല. എന്നാൽ കമ്മീഷനുമായി നടത്തിയ ചർച്ചകളിൽ സംസ്ഥാന ഗവൺമെന്റിന്റെ ഈ സംരംഭത്തെ അഭിനന്ദിക്കുകയുണ്ടായി.

(ഇ) സംസ്ഥാനത്തിനു പുറത്തുനിന്നും വിദേശിയർ ഉൾപ്പെടെ 30-ൽപരം സംഘങ്ങൾ ജനകീയാസൂത്രണം പഠിക്കുന്നതിനും വിലയിരുത്തുന്നതിനും കേരളം സന്ദർശിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(എഫ്) ജനകീയാസൂത്രണം യഥാസമയം പൂർത്തിയാക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ.

1. നാലാം വാർഷിക പദ്ധതി സാമ്പത്തിക വർഷത്തിന്റെ ആരംഭത്തോടെ ആസൂത്രണം ചെയ്ത് നിർവഹണം ആരംഭിക്കുക.
2. കർമ്മസമിതി അംഗങ്ങൾക്കുള്ള പരിശീലനം യൂണിവേഴ്സിറ്റികളിലൂടെയും പരിശീലന സ്ഥാപനങ്ങളിലൂടെയും നടത്തുക.
3. മാതൃകാപരമായ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള തദ്ദേശസ്ഥാപനങ്ങളുടെ അനുഭവങ്ങൾ മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് മനസ്സിലാക്കുവാൻ പങ്കാളിത്തപഠന പരമ്പര എന്ന പരിപാടി നടപ്പാക്കുക.
4. തെരഞ്ഞെടുത്ത പ്രോജക്ടുകളുടെ അവലോകനം ഗവേഷണ സ്ഥാപനങ്ങളുടെയും ഗവേഷകരുടെയും നേതൃത്വത്തിൽ നടത്തുക.
5. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം യഥാസമയം മോണിട്ടർ ചെയ്യുന്നതിനും അവലോകനം നടത്തുന്നതിനും കംപ്യൂട്ടർ മുഖേന വിവര വിനിമയ ശൃംഖല സ്ഥാപിക്കുന്നതിന് "ഇൻഫർമേഷൻ കേരള മിഷൻ" പ്രവർത്തനം ആരംഭിച്ചു.
6. പരിശീലന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ സ്വിസ്-ഗവൺമെന്റിന്റെ സഹകരണത്തോടെ "ക്യാപ്ഡെക്" പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിച്ചു.

മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം

28(*27) ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാർ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി എന്തെങ്കിലും ചർച്ച നടത്തുകയുണ്ടായോ ;

(ഡി) ഇല്ലെങ്കിൽ ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഈ വിഷയത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ&ബി) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഇപ്പോഴുള്ള 136 അടിയിൽ നിന്ന് ഉയർത്താൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് പലപ്പോഴായി കത്തുകളയച്ചിരുന്നു. ഡാമിന്റെ ജലനിരപ്പ് 152 അടിയിൽ നിന്നും ഡാമിന്റെ സുരക്ഷ കണക്കിലെടുത്ത് 1979 മുതൽ 136 അടിയായി താഴ്ത്തി നിലനിർത്തുകയായിരുന്നു. ഡാമിന്റെ ബലപ്പെടുത്തൽ ജോലികൾ ഭൂരിഭാഗവും തീർന്നതുകൊണ്ട് ജലനിരപ്പുയർത്താൻ അനുവദിക്കണമെന്ന ആവശ്യവുമായി തമിഴ്നാട് മുന്നോട്ട് വന്നു. എന്നാൽ ബലപ്പെടുത്തൽ ജോലികൾ തീർന്നാലും ജലനിരപ്പ് വർദ്ധിപ്പിക്കുവാൻ അനുവദിക്കേണ്ടതില്ല എന്ന നയപരമായ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയാണ് കേരളം ചെയ്തത്.

(സി&ഡി) ഉണ്ടായി. അടുത്ത വട്ടം ചർച്ച 2000 ഏപ്രിൽ 5-ന് തിരുവനന്തപുരത്ത് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) മുല്ലപ്പെരിയാർ ഡാമിന്റെ താഴ്ന്നഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഇപ്പോഴത്തെ 136 അടിയിൽ നിന്നും ഉയർത്തേണ്ടതില്ല എന്നതാണ് സർക്കാരിന്റെ നയപരമായ നിലപാട്. ഈ നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു പ്രമേയം പത്താം കേരള നിയമസഭ ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തിരുന്നു.

കൊല്ലം ഡി.സി.സി. ഓഫീസിലെ അക്രമം

29(*28) ശ്രീ. എം. മുരളി :
ശ്രീ. ഇ. എം അഗസ്തി :
ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഫെബ്രുവരി 7-ാം തീയതി കൊല്ലത്ത് യൂത്ത് കോൺഗ്രസ്സിന്റെ എസ്.പി. ഓഫീസ് മാർച്ചിൽ പോലീസ് അതിക്രമങ്ങളെക്കുറിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly